പതിനാലാം കേരളനിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നം.29 23.01.2018-ൽ മറുപടിയ്ക്ക്

## ഏകീകൃത ആരോഗ്യനിയമം

ചോദ്യം ഉത്തരം

ശ്രീ.എം.ഉമ്മർ ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യ നീതിയും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഒരു ഏകീകൃത ആരോഗ്യനിയമം രൂപീകരിക്കാത്തതുമൂലം ഉണ്ടായ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) | പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പഴയ ട്രാവൻകൂർ കൊച്ചി ഭാഗങ്ങളിൽ ട്രാവൻകൂർ പബ്ലിക് ഹെൽത്ത് ആക്ടും, മലബാർ പ്രദേശങ്ങളിൽ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും ആണ് നിലവിലുളളത്. ഏറെക്കാലം മുമ്പ് രൂപീകരിച്ച നിയമങ്ങളായതുകൊണ്ട് നിയമലംഘനത്തിന് ചുമത്തുന്ന പിഴകൾ ചെറിയതുകകളാണ്. പുതിയ പല പൊതുജനാരോഗ്യ പ്രശ്നങ്ങളും പരിഹരിക്കാൻ പ്രസ്തുത നിയമങ്ങളിലെ വ്യവസ്ഥകൾ പര്യാപ്തമല്ല. |
| ബി) | സംസ്ഥാനത്ത് നിലവിലുള്ള മലബാർ പബ്ലിക് ഹെൽത്ത് ആക്ടിൽ പബ്ലിക് ഹെൽത്ത് ബോർഡ് രൂപീകരിക്കുന്നതിനായി മദ്രാസ് നിയമസഭയിൽ നിന്നും മൂന്ന് അംഗങ്ങളെ നോമിനേറ്റ് ചെയ്യുന്ന വ്യവസ്ഥ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ; | ബി) | സംസ്ഥാനത്തെ മലബാർ പ്രദേശങ്ങളിൽ നിലവിലുളള മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടിന്റെ 4-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പ് (സി) പ്രകാരം മദ്രാസ് നിയമസഭയിലെ 3 അംഗങ്ങളെ നോമിനേററ് ചെയ്യുന്ന വ്യവസ്ഥ നിലവിലുണ്ട്. 2000-ാമാണ്ട് കേരള അധികാര വികേന്ദ്രീകൃത ആക്ട് പ്രകാരം 1939 മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടിലെ 4-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പിലുളള മദ്രാസ് എന്ന വാക്ക് എടുത്ത് കളഞ്ഞിട്ടുണ്ട്. എന്നാൽ 4(1) പ്രകാരം അംഗങ്ങളുടെ ലിസ്റ്റിൽ ഭേദഗതി വരുത്തിയിട്ടില്ല. |
| സി) | പ്രസ്തുത ആക്ടിന്റെ 4-ാം വകുപ്പ് പ്രകാരം നിലവിലുള്ള അംഗങ്ങൾ ആരെല്ലാമെന്ന് അറിയിക്കാമോ; | സി) | പ്രസ്തുത ആക്ടിന്റെ 4-ാം വകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുളള അംഗങ്ങൾ താഴെ പറയും പ്രകാരമാണ്.<br>1) പബ്ലിക് ഹെൽത്ത് മന്ത്രി<br>2) ലോക്കൽ അഡ്മിനിസ്ട്രേഷൻ മന്ത്രി<br>3) മദ്രാസ് നിയമസഭയിലെ 3 അംഗങ്ങൾ (ഗവൺമെന്റ് നോമിനേറ്റ് ചെയ്യുവർ)<br>4) മദ്രാസ് ഗവൺമെന്റിന്റെ സർജൻ ജനറൽ<br>5) പബ്ലിക് ഹെൽത്ത് ഡയറക്ടർ<br>6) സാനിട്ടറി എഞ്ചിനീയർ |

| | | | |
|---|---|---|---|
| | | | എന്നാൽ കേരളത്തിൽ പ്രസ്തുത ആക്ട് പ്രകാരം ഒരു പബ്ലിക് ഹെൽത്ത് ബോർഡ് രൂപീകരിച്ചിട്ടില്ല. |
| ഡി) | പ്രസ്തുത നിയമത്തിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | ഡി) | 1955-ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും ഏകീകരിച്ചുകൊണ്ടും പ്രസ്തുത ആക്ടിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കിക്കൊണ്ടും സംസ്ഥാനത്ത് ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിനായി ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സർക്കാരിൽ സമർപ്പിച്ച കരട് പൊതുജനാരോഗ്യ ബിൽ സർക്കാരിലെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ